CCM( 10) 2014-15

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**23.07.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.45 ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.07.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014–15 വാർഷിക പദ്ധതിയിൽ 9646 കോടി രൂപ അടങ്കലുള്ള 190587 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായിട്ടുണ്ടെന്നും അവയിൽ 7783 കോടി രൂപ അടങ്കലുള്ള 165461 പ്രോജകടുകൾക്ക് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. 920 ഗ്രാമപഞ്ചായത്തുകളുടെയും 146 ബ്ലോക്ക് പഞ്ചായത്തുകളുടെയും 46 മുനിസിപ്പാലിറ്റികളുടെയും 2 കോർപ്പറേഷനുകളുടെയും പ്രോജക്ടുകൾക്കാണ് ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

**2.2** സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്തമായും നേരിട്ടും കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുവദിച്ച് തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ റോഡ് പ്രോജക്ടുകൾ സംയുക്തമായി ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദമായി അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

**2.3** പൊതു സ്വകാര്യ പങ്കാളിത്ത പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് നിലവിലുള്ള 13.10.2004–ലെ ജി.ഒ(എം.എസ്)298/2004/തസ്വഭവ ഉത്തരവ് പദ്ധതി മാർഗരേഖകളുമായി ബന്ധപ്പെടുത്തേണ്ടതാണെന്ന സംസ്ഥാന പ്ലാനിംഗ് ബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ നിർദ്ദേശം ബഹു. സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ശ്രീ. സി.പി. ജോൺ യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത് ചർച്ച ചെയ്തു. P.P.P പ്രോജക്ടുകളുടെ DPR തയ്യാറാക്കുന്നതിന് പശ്ചാത്തല മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് നിശ്ചയിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ആടുഗ്രാമം, ക്ഷീര സാഗരം, സമഗ്ര മാംസോത്പാദന പദ്ധതികൾ, കുടുംബശ്രീ യൂണിറ്റുവഴി ഏറ്റെടുക്കുമ്പോൾ 5 പേരടങ്ങുന്ന ഗ്രൂപ്പു സംരംഭങ്ങൾക്ക് 35% സബ്സിഡി നൽകണമെന്ന ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കെ.എൽ.ജി.എസ്.ഡി.പി**

പെർഫോർമൻസ് ഗ്രാന്റ് വിനിയോഗത്തിന്റെ ഭാഗമായി Vulnerable Group Development Frame Work( VGDF) രൂപീകരിച്ചുകൊണ്ടുള്ള പ്രോജക്ടുകളുടെ ബന്ധപ്പെട്ട ഫോറങ്ങളിലെ എൻട്രികൾ മാൻഡേറ്ററിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കിലയെയും ഐ.കെ.എമ്മിനെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന 6 മീറ്റർ റോഡ് പ്രവൃത്തികൾക്ക് 8 മീറ്റർ റോഡ് പ്രവർത്തികൾ ഏറ്റെടുക്കാൻ ബാക്കിയില്ലെന്ന സാക്ഷ്യപത്രം ഒഴിവാക്കി തീരുമാനിച്ചു. ടെണ്ടർ ചെയ്യുന്ന 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ–ടെണ്ടർ മുഖേന നടത്തണമെന്ന മുൻ തീരുമാനം മാറ്റേണ്ടതില്ലെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചു. പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് നിലവിലെ രീതി തുടരണമെന്നും, ചീഫ് എഞ്ചിനീയറുടെ ആഫീസിലും ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, കൊടുക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പൊതുമരാമത്ത് പണികൾ നടത്തിപ്പ് സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ജി.ഒ(പി)നം.259/2013/തസ്വഭവ പ്രൊക്യുർമെന്റ് ഗൈഡ് ലൈൻസ് അനുസരിച്ച് പ്രൊക്യുർമെന്റിന് ഏർപ്പെടുത്തിയിട്ടുള്ള മേൽനോട്ട സമിതികളുടെ സൂപ്പർവിഷൻ മറ്റു പൊതുമരാമത്ത് പ്രവൃത്തികൾക്കും ബാധകമാക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തൃശൂർ ഡെവലപ്മെന്റ് അതോറിറ്റി (ഫയൽ നം.70535/ഐ.എ3/13/ തസ്വഭവ)**

തൃശൂർ നഗരസഭയുടെ വികസന പദ്ധതികൾക്ക് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിക്കുന്നത് കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 41376/ഡി.ഡി.3/14/തസ്വഭവ)**

കാർഷിക പ്രദർശനം എന്ന പദ്ധതി നടപ്പാക്കുന്നതിന് ഇപ്പോൾ തന്നെ അനുമതിയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു. മാർഗരേഖയിൽ മേളകൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് പ്രോജക്ട് ഏറ്റെടുക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരിക്കുന്നത് കർഷക മേള, വ്യാവസായിക പ്രദർശനം തുടങ്ങിയവയ്ക്ക് അല്ല എന്നും പ്രത്യുൽപാദനപരമല്ലാത്ത ഉത്സവങ്ങൾ ആഘോഷങ്ങൾ എന്നിവയ്ക്ക് പദ്ധതി പണം ദുരുപയോഗം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുന്നതിനാണെന്ന് വിശദീകരണം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്  (ഫയൽ നം. 46409/എഫ്.എം.3/14/തസ്വഭവ) ബഹു. എം.എൽ.എ ശ്രീ. കെ.വി. വിജയദാസ്  മുഖേന സമർപ്പിച്ചത്**

പൊതു വിഷയം 2.2 തീരുമാനം ബാധകമാണെന്ന് നിരിക്ഷിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 നെന്മാറ ബ്ലോക്ക് പഞ്ചായത്ത്  (ഫയൽ നം.41139/എഫ്.എം.3/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത 8 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ അനുവദിക്കണമെന്നയാവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 നിലത്തെഴുത്ത് ആശാൻമാർക്ക് ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച് (ഫയൽനം. 506/ഇപി.എ2/14/തസ്വഭവ)**

നിലത്തെഴുത്ത് കളരി സ്ക്കൂളിലെ കുട്ടികൾക്ക് പൂരക പോഷകാഹാരം നൽകുന്നതിന് തത്വത്തിൽ അംഗീകരിച്ചു. ഇതിനുള്ള മാനദണ്ഡം സാമൂഹ്യ നീതി വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. നിലത്തെഴുത്ത് കളരികളുടെ വിശദവിവരങ്ങൾ അടുത്തയോഗത്തിൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്  (ഫയൽ നം.68607/ഡി.ബി.1/13/തസ്വഭവ)**

ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ മെച്ചപ്പെട്ട വിദ്യാഭ്യാസം(ജനറൽ) പദ്ധതിക്ക് എസ്.സി.പി/എസ്.റ്റി.പി ഫണ്ട് ഉപയോഗിക്കുന്നില്ല എന്ന വ്യവസ്ഥയോടെ അഗീകാരം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻ**3.11 ഷോളയാർ ഗ്രാമപഞ്ചായത്തിലെ കർഷകരുടെ നിവേദനം**
സിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(ബഹു. എം.എൽ.എ അഡ്വ. എൻ.ഷംസുദ്ദീൻ മുഖേന  സമർപ്പിച്ചത്)**

ശിരുവാണി പുഴയിൽ നിന്നും കള്ളക്കര-ചെമ്മൺ പടിക വഴി മട്ടത്തുകാട് രാമകൃഷ്ണപുരം മൺറോഡ് വഴി ജലസേചന സൗകര്യം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനം മേൽ നടപടികൾക്കായി ഡി.ഡി.പി.ക്ക് അയച്ചു കൊടുക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത്**

പ്രതിമകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാതെ തദ്ദേശീയമായി വിഭവ സമാഹരണം നടത്തി തുക കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ ആരൂഢം പദ്ധതിയിൽ ശിശുപരിപാലന-ശിശു വികസന പ്രോജക്ടു നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികൾ 5 ലക്ഷം രൂപയും വീതം നൽകാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ട് 2011–12**
**(ഫയൽ നം.45023/എ.ബി.2/14/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾ നടത്തിപ്പ് സംബന്ധിച്ച് നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങളും മാർഗരേഖയും പാലിക്കുന്നില്ല എന്നുമുള്ള റിപ്പോർട്ട് പ്രത്യേകമായി ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം രാവിലെ 10 മണിക്ക് അവസാനിച്ചു.)**

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 06.08.2014 രാവിലെ 8 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***